**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1028** **05.02.2020-ൽ മറുപടിക്ക്**

**സ്വകാര്യപണമിടപാടുസ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ടി.ബൽറാം : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഈ വർഷം പരിശോധന നടത്തിയിരുന്നോ; | (എ) | 2020-ൽ നാളിതുവരെ 382 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ നിയമലംഘനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മിനിമം വേജസ് ആക്ട്-1948, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്-1958, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്-1961, പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് തുടങ്ങിയ നിയമങ്ങളുടെ വിവിധ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) വേതനസുരക്ഷാപദ്ധതി പ്രകാരമാണ ജീവനക്കാർക്കു വേതനം വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് എന്തു നടപടിയാണ സ്വീകരിച്ചിട്ടുള്ളതതെന്ന് വ്യക്തമാക്കാമോ? | (ഡി) | പരിശോധനാ വേളകളിൽ വേതന സുരക്ഷാപദ്ധതി പ്രകാരം ജീവനക്കാർക്ക് വേതനം നൽകുന്നതിന് പരിശോധനകുറിപ്പ് നൽകാറുണ്ട്. കൂടാതെ വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തിൽ ഓരോ മാസവും ഏതൊക്കെ സ്ഥാപനങ്ങൾ പുതിയതായി രജിസ്ട്രേഷൻ എടുത്തു എന്ന് പരിശോധിക്കാറുണ്ട്. പരിശോധനാ വേളയിലും അല്ലാതെയും തൊഴിലുടമകൾക്ക് വേതന സുരക്ഷാ പദ്ധതിയിൽ ചേരുന്നതിന് നിർദ്ദേശം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ